ആദിവാസികൾക്കായുള്ള ക്ഷേമപരിപാടികൾ

*471 [501] ശ്രീ. ജി. വരദൻ:
,, ടി. കെ. ആറുമുഖൻ:
,, ടി. കെ. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികളുടെ എണ്ണം എത്ര;

(ബി) ഇവരുടെ ക്ഷേമത്തിനുവേണ്ടി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ എന്തൊക്കെയാണ്;

(സി) തൊഴിൽരഹിതരും വിദ്യാഭ്യാസമുള്ളവരുമായ ഗിരിവർഗ്ഗക്കാർക്ക് തൊഴിൽ നൽകാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 1981-ലെ സെൻസസ് പ്രകാരം 2,61,475 പേർ.

(ബി) അവരുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും സാമ്പത്തികവികസനം സാദ്ധ്യമാക്കുന്നതിനും തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആരോഗ്യ സംരക്ഷണം മെച്ചപ്പെടുത്തുന്നതിനും ആദിവാസികേന്ദ്രങ്ങൾ വൈദ്യുതികരിച്ചും അവിടങ്ങളിൽ ശുദ്ധജലം എത്തിച്ചും അവരുടെ ജീവിതസൗകര്യങ്ങൾ പൊതുവിൽ മെച്ചപ്പെടുത്തുന്നതിനും ഉള്ള പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കുട്ടികളെ ഹോസ്റ്റലുകളിൽ താമസിപ്പിച്ച് സൗജന്യമായ ഭക്ഷണവും പുസ്തകങ്ങളും വസ്ത്രങ്ങളും ട്യൂഷൻ സൗകര്യവും നൽകിവരുന്നു.

(സി) സർക്കാർ സർവ്വീസിലും പൊതുമേഖലാസ്ഥാപനങ്ങളിലും നിശ്ചിതശതമാനം തസ്തികകളിൽ നിയമനം ഉറപ്പുവരുത്തുന്നതിനു പുറമേ സ്വയം തൊഴിലിൽ ഏർപ്പെടുന്നതിനുള്ള ധനസഹായപദ്ധതികളും വിദേശങ്ങളിൽ ജോലി സമ്പാദിക്കുവാൻ സഹായിക്കുന്ന വായ്പാപദ്ധതികളും ഡ്രൈവിംഗ്, കെട്ടിടനിർമ്മാണം എന്നിവയിൽ പരിശീലനം നൽകുന്ന പദ്ധതികളും എക്സ്റ്റൻഷൻ വർക്കിൽ പരിശീലനം നൽകി എക്സ്റ്റൻഷൻ വർക്കർമാരായി നിയമിക്കുന്ന പദ്ധതികളും ഇപ്പോഴത്തന്നെ നടപ്പിലാക്കിവരുന്നുണ്ട്.

പട്ടികജാതിക്കാർക്കായുള്ള പ്രത്യേക ഘടക പദ്ധതി പ്രകാരം ലഭിച്ച കേന്ദ്രസഹായം

*472 [502] ശ്രീ. ജി. കാർത്തികേയൻ:
,, എ. സി. ജോസ്:
,, തോപ്പിൽ രവി:
,, കെ. മുഹമ്മദാലി:
,, ബെന്നി ബഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലു വർഷക്കാലയളവിൽ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക ഘടക പദ്ധതി പ്രകാരം ലഭിച്ച കേന്ദ്ര സഹായം എത്ര;

LIBRARY ARCHIVES Kerala Legislative Assembly